**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5267** **21-07-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ വളയം ഗവൺമെന്റ് ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ വളയം ഗവൺമെന്റ് ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടി പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | **(എ)** വളയം ഗവൺമെന്റ് ഐ.ടി.ഐ കെട്ടിട നിർമ്മാണത്തനായി 01-04-2022 തീയതിയിൽ സാങ്കേതിക അനുമതി ലഭ്യമായത് പ്രകാരം 19-04-2022 ന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ സിങ്കിൾ ടെണ്ടർ മാത്രമേ ലഭിച്ചിരുന്നുള്ളൂ. ആയതിനാൽ 06-05-2022 ന് റീ ടെണ്ടർ ചെയ്തു. PQ Evaluation നടപടികൾക്ക് ശേഷം 13-06-2022 ന് Financial Bid തുറക്കുകയും ചെയ്തു. അതിൽ താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത M/s Heather Constructions, Sastamangalam, Thiruvananthapuram എന്ന സ്ഥാപനത്തിന് 29-06-2022 ന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കരാർ ഒപ്പുവെയ്ക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവർത്തി അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | **(ബി)** സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ ഒപ്പ് വെയ്ക്കുന്നതിന് അനുവദിച്ച് സമയ പരിധി 27-07-2022 വരെയാണ്. ആയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ